

# അനുകരണത്തിൽ മയങ്ങുന്ന മലയാളി



സന്ധ്യാറാണി.എൽ
ചൈൽഡ് ആന്റ് ഫാമിലി കൗൺസിലർ
Consolace Counselling Services
നന്തൻകോട്, തിരുവനന്തപുരം
& ചങ്ങനാശ്ശേരി, കോട്ടയം
ഫോ: 9387613503
www.consolace.com

അന്യന്റെ ജീവിതത്തിലേക്ക് ഇത്രയേറെ എത്തിനോക്കുന്ന മറ്റൊരു സമൂഹം മലയാളിയെപ്പോലെ വേറെയെങ്ങുമില്ല. സമൂഹത്തെ തൃപ്തിപ്പെടുത്താനായി ജീവിക്കുന്ന മലയാളിയും കുറ്റങ്ങളും കുറവുകളുമുള്ളവനെഒറ്റപ്പെടുത്താൻ ശ്രമിക്കുന്ന സമൂഹവും പരസ്പരപൂരകങ്ങളായി ഇവിടെ പ്രയാണം തുടരുന്നു.

ലളിതമോ സങ്കീർണ്ണമോ ആയ ഏതു വിഷയമായാലും മറ്റുള്ളവർ എന്തു കരുതും എന്നാണ് നമ്മൾ ആദ്യം ചിന്തിക്കുന്നത്. അല്ലാതെ ഏതുവിധേനയും പ്രശ്നം പരിഹരിക്കണമെന്നല്ല. സമൂഹത്തെ തൃപ്തിപ്പെടുത്തുന്നതിനായി ജീവിതത്തിന്റെ നല്ലൊരു സമയവും പാഴാക്കുന്നവരാണ് മലയാളികൾ. ആഢംബരവും അനുകരണവുമെല്ലാം അതിന്റെ ഉപോൽപ്പന്നങ്ങൾ ആകുമ്പോൾ ഒളിഞ്ഞുനോട്ടവും അസൂയയും മലയാളിയുടെ മാത്രം കൂടപ്പിറപ്പുകളാവുകയാണ്. മറ്റുള്ളവർ ജീവിക്കുന്നതുപോലെ ജീവിക്കാൻ ആഗ്രഹിക്കുന്നതും അതുപോലെ ജീവിക്കാൻ പ്രേരിപ്പിക്കുന്നതും നമ്മുടെ കുടുംബങ്ങളിലെ പതിവുകാഴ്ചകളാണ്.

മെച്ചപ്പെട്ട ജീവിതം ആഗ്രഹിക്കുന്നതും മെച്ചപ്പെട്ട നിലയിൽ ജീവിക്കുന്നതും നല്ലതുതന്നെ. പക്ഷേ അത് സ്വന്തം സാഹചര്യത്തെ വിസ്മരിച്ചുകൊണ്ടാകുമ്പോഴാണ് പ്രശ്നമാകുന്നത്. അത്തരമൊരു അവസ്ഥയിലാണ് മനോജ് (പേര് സാങ്കൽപ്പികം) ഒരു സുഹൃത്തിനൊപ്പം കൗൺസിലിംഗ് സെന്ററിലെത്തിയത്. ഭാര്യ ഗീതയുടെ നിർബന്ധത്തിനു വഴങ്ങി ഉണ്ടായിരുന്ന പഴയ കാർ വിറ്റ് ഒരു ആഢംബര കാർ വാങ്ങി. കിട്ടുന്ന ശമ്പളത്തിൽ പതിനായിരം രൂപയോളം

കാറിന്റെ പ്രതിമാസ അടവിനു വേണ്ടി വന്നതോടെ വീട്ടുവാടക കൊടുക്കുന്നത് മുടങ്ങി. മകളുടെ ഫീസും മറ്റു അത്യാവശ്യ ചെലവുകളും വന്നുകയറിയതോടെ അയാളുടെ സാമ്പത്തികനില താളം തെറ്റി. പിന്നാലെ മദ്യപാനവും തുടങ്ങിയ അയാൾ ഭാര്യയുമായി വഴക്കുണ്ടാക്കാത്ത ദിവസങ്ങൾ ഇല്ലെന്നായി. ഒടുവിൽ സ്വന്തം ജീവിതം തന്നെ കൈവിട്ടുപോകുമെന്ന അവസ്ഥയിലാണു സുഹൃത്ത് അയാളെ കൗൺസിലിംഗ് സെന്ററിലെത്തിച്ചത്. മൂന്നു നാലു സിറ്റിങ്ങുകൾ കൊണ്ട് മനോജിനെയും ഭാര്യയെയും കാര്യങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്തിയതോടെയാണു അവരെ സാധാരണ ജീവിതത്തിലേക്കു മടക്കിക്കൊണ്ടുവരാൻ കഴിഞ്ഞത്.



ചുറ്റുമുള്ളവരുടെ ആഢംബരങ്ങൾ കണ്ടു മതിഭ്രമം ബാധിച്ചു തലമറന്നു എണ്ണ തേയ്ക്കുന്ന നിരവധി മനോജുമാരും ഗീതമാരും ജീവിക്കുന്ന നാടാണ് കേരളം. അനുകരണശീലവും ആഢംബരഭ്രമവും മലയാളിയെ അങ്ങേയറ്റം കാർന്നു തിന്നുകയാണ്. മറ്റുള്ളവർ ജീവിക്കുന്നതുപോലെ ജീവിക്കണം എന്ന ആഗ്രഹവും സ്വന്തം കുടുംബത്തിൽനിന്നു തന്നെ അതിനുവേണ്ടിയുണ്ടാകുന്ന നിർബന്ധവും അനസ്യൂതം തുടരുന്നു. ഇവിടെ സ്വന്തം സാമ്പത്തികസ്ഥിതിയെക്കുറിച്ചു ബോധ്യമുണ്ടായിട്ടും ആഢംബര കാർ വാങ്ങിയ മനോജും അയാളെ അതിനു നിർബന്ധിച്ച ഭാര്യയും ഇവിടെ ഒരുപോലെ കുറ്റക്കാരാണ്. മറ്റുള്ളവരുടെ ജീവിതം അലോസരപ്പെടുത്തുന്നതാണ് ഇത്തരക്കാരുടെ പ്രശ്നം.

## പ്രേരണ സ്വന്തം കുടുംബത്തിൽ നിന്ന്

ഭൂരിഭാഗം സാഹചര്യങ്ങളിലും ആഢംബരത്തോടെ ജീവിക്കാനുള്ള പ്രേരണ ഉണ്ടാകുന്നത് സ്വന്തം കുടുംബാംഗങ്ങളിൽനിന്നു തന്നെയാണ്. അയൽവീട്ടുകാരുടെയോ സ്വന്തം ബന്ധുക്കളുടെയോ ജീവിതരീതിയെ അനുകരിക്കാൻ പ്രേരിപ്പിക്കുന്ന ചിലരെങ്കിലും മിക്ക വീടുകളിലും കാണും. ഗൃഹനാഥന്റെയോ ഗൃഹനാഥയുടെയോ സാമ്പത്തിക സാമൂഹിക ഭൗതിക സാഹചര്യങ്ങൾ ശരിയായി മനസ്സിലാക്കാതെയാകും ഇത്തരക്കാരുടെ ഭാഗത്തു നിന്നുണ്ടാകുന്ന പ്രേരണകൾ. ചിലർ പുറത്തുള്ളവരുടെ സ്വഭാവ രീതിയെ ഹൈലൈറ്റ് ചെയ്യുമ്പോൾ മറ്റുചിലർ ആഢംബര ജീവിതത്തെയാകും ഉയർത്തിക്കാട്ടുക. തനിക്കു ചുറ്റുമുള്ള സമൂഹം എങ്ങനെജീവിക്കുന്നു എന്നകാര്യത്തിൽ ആശങ്കയും ഉത്കണ്ഠയും പേറിനടക്കുന്നവർക്കു മാത്രമാണ് ഇത്തരം പ്രശ്നങ്ങൾ. എന്നാൽ ആർക്കും ആരെപ്പോലെയും ആകാൻ കഴിയില്ലെന്നിരിക്കെ മറ്റുള്ളവരെപ്പോലെ ജീവിക്കണമെന്ന ബാലിശമായ പ്രേരണകൾ കുടുംബത്തിനുള്ളിൽ തന്നെ പ്രശ്നങ്ങൾക്കു വഴിതെളിക്കും. സ്വന്തം സാഹചര്യങ്ങൾ ശരിയായി മനസ്സിലാക്കാതെ അന്യരുടെ ജീവിതം അനുകരിക്കാൻ ശ്രമിക്കുന്നതും അവർ ജീവിക്കുന്ന സൗകര്യങ്ങളോടെ ജീവിക്കാൻ പ്രേരിപ്പിക്കുന്നതും ശരിയല്ല. ഇക്കാര്യത്തിൽ കുടുംബാംഗങ്ങൾ പരസ്പരം തിരുത്തൽശക്തിയായാണു വർത്തിക്കേണ്ടത്. കൊക്കിലൊതുങ്ങുന്നതേ കൊത്താവൂ എന്നു പണ്ടുള്ളവർ പറഞ്ഞിരുന്നത് വെറുതേയല്ലെന്നു ഓർമിക്കുക.



സോഷ്യൽ സ്റ്റാറ്റസ് വളർത്തുന്നതിനെ കുറിച്ചായിരിക്കരുത് നമ്മുടെ ചിന്ത. അന്യന്റെ പ്രൗഢിയും പത്രാസുമൊന്നും ഒരിക്കലും നമ്മെ അലോസരപ്പെടുത്താൻ പാടില്ല. നമ്മളെക്കുറിച്ച് സമൂഹം എന്തുകരുതും എന്നോർത്ത് വേവലാതിപ്പെടുന്നവർ ആദ്യം ചിന്തിക്കേണ്ടത് സമൂഹത്തെ തൃപ്തിപ്പെടുത്താനുള്ളതല്ല സ്വന്തം ജീവിതം എന്നാണ്. സാഹചര്യങ്ങളും പരിമിതികളും വ്യക്തമായി മനസ്സിലാക്കിവേണം ജീവിതം മുന്നോട്ടുകൊണ്ടു പോകേണ്ടത്.

### തലമറന്ന് എണ്ണ തേയ്ക്കുന്ന ശീലം

ബ്രാൻഡഡ് വസ്ത്രങ്ങളുടെ ധാരണവും പോഷ് കാറിലുള്ള സഞ്ചാരവും വൈറ്റ് കോളർ ജോബുമാണ് ഇന്ന് ശരാശരി മലയാളി യുവത്വത്തിന്റെ ജീവിതാഭിലാഷം. മതിയായ വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തവർപോലും വൈറ്റ് കോളർ ജോബുകൾക്കു മതിയായ വിദ്യാഭ്യാസ യോഗ്യത ഇല്ലാത്തവർപോലും വൈറ്റ് കോളർ ജോബുകൾക്കു പിന്നാലെ പരക്കം പായുകയാണ്.

കൃഷിയും അനുബന്ധ തൊഴിലുകളും മലയാളി ഉപേക്ഷിച്ചതോടെ അടിസ്ഥാന ആവശ്യമായ ആഹാരത്തിനു പോലും അന്യസംസ്ഥാനങ്ങളെയോ അന്യസംസ്ഥാന തൊഴിലാളികളെയോ ആശ്രയിക്കേണ്ടിവരുന്നു. സ്വന്തം പറമ്പിൽപോലും സ്വന്തം കുടുംബത്തിന്റെ ആവശ്യത്തിനുള്ള ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിക്കാൻ മെനക്കെടാത്ത അവസ്ഥ വന്നു ചേർന്നതോടെ മലയാളിയുടെ ആരോഗ്യശീലങ്ങളും മാറ്റം വന്നുതുടങ്ങി. എ.സി മുറിക്കുള്ളിൽ കറങ്ങുന്ന കസേരയിലിരുന്നുള്ള ജോലിയിലേക്കു ചിന്തിച്ചു തുടങ്ങിയതുതന്നെ മലയാളിയുടെ അനുകരണശീലത്തിന്റെ തെളിവാണ്.

### സമൂഹത്തെ തൃപ്തിപ്പെടുത്തുന്നതല്ല പ്രധാനം

സമൂഹം ഒരു വേട്ടക്കാരനെപ്പോലെയാണ്. ഒരു ഇരയെ കിട്ടിയാൽ അതിനു സന്തോഷമായി എന്ന എം.ടി.യുടെ വാചകം എത്രയോ അർഥവത്താണ്. മറ്റുള്ളവനെഎങ്ങനെകുറ്റപ്പെടുത്താം എന്ന് തക്കം പാർത്തിരിക്കുന്നവരാണു ചുറ്റുമുള്ളത്. സ്വന്തം കാര്യത്തേക്കാൾ അവരുടെ ശ്രദ്ധ അന്യന്റെ ജീവിതത്തിലേക്കായിരിക്കും. അതുകൊണ്ടു തന്നെ മറ്റുള്ളവരുടെ മുന്നിൽ ഷൈൻ ചെയ്യാനാണു ഏവരുടെയും ശ്രമം. ആരും നമ്മെ കുറ്റപ്പെടുത്തരുത് എന്ന ആഗ്രഹം മനസ്സിലുള്ളതുകൊണ്ട് സമൂഹത്തെ തൃപ്തിപ്പെടുത്താൻ നമ്മൾ ശ്രമിച്ചുകൊണ്ടേയിരിക്കും. പക്ഷേ നമുക്കൊരു പ്രശ്നം ഉണ്ടായാൽ ഈ സമൂഹം സഹായിക്കാനെത്തുമോ എന്നു എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? ഒരിക്കലും ഉണ്ടാകില്ല. സമൂഹം അങ്ങനെയാണ്. ഒരു ഇരയെ കിട്ടിയാൽ ആവോളം കാർന്നുതിന്നുന്നതാണു അതിന്റെ രീതി. അതുകൊണ്ടുതന്നെ അറിഞ്ഞുകൊണ്ട് ഇരയാക്കപ്പെടാൻ അനുവദിക്കാതിരിക്കുന്നതാണ് ഉത്തമം.



### ചോദ്യങ്ങളെ കാര്യമാക്കേണ്ടതില്ല

നേരത്തെ സൂചിപ്പിച്ചതു പോലെ നമ്മുടെ ജീവിതത്തെക്കുറിച്ച് വല്ലാത്ത ഉത്കണ്ഠയാണ് ചുറ്റുമുള്ളവർക്ക്. സ്കൂട്ടറൊക്കെ കൊടുത്ത് ഒരു ബുള്ളറ്റൊക്കെ വാങ്ങേണ്ടേ? മകളുടെ കല്യാണത്തിനു ഒരു നൂറു പവനെങ്കിലും കൊടുക്കേണ്ടേ?

ജോലിയൊക്കെ ആയില്ലേ, ഇനിയൊരു ഉഗ്രൻ കാറൊക്കെ എടുക്കേണ്ടേ? വീട് ഇരുനില ആക്കുന്നത് എപ്പോഴാ? ഉത്സവത്തിനു നല്ലൊരു തുക പിരിവു കൊടുത്തില്ലെങ്കിൽ മോശമല്ലേ? ഇത്തരം ചോദ്യങ്ങളൊക്കെ പലരും സമൂഹത്തിൽ എവിടെ നിന്നെങ്കിലും അത് അയൽക്കാരിൽ നിന്നോ പരിചയക്കാരിൽ നിന്നോ സുഹൃത്തുക്കളിൽ നിന്നോ സഹപ്രവർത്തകരിൽ നിന്നോ കേട്ടിട്ടുണ്ടാകാം.



എത്ര തന്നെ അവഗണിക്കാൻ ശ്രമിച്ചാലും, ഉള്ളിന്റെ ഉള്ളിൽ തറയ്ക്കുന്ന ചില ചോദ്യങ്ങൾ ചിലരെ സ്വയമേവ അലോസരപ്പെടുത്തികൊണ്ടിരിക്കും. എപ്പോഴെങ്കിലും ആ ചോദ്യത്തിലും കുറച്ചു കാര്യമില്ലേ എന്നു ചിന്തിച്ചുപോയാൽ നിങ്ങൾ കെണിയിൽപ്പെട്ടുവെന്ന് ഉറപ്പിക്കാം. കാരണം ആ ചോദ്യം നിങ്ങളിൽ സൃഷ്ടിക്കുന്ന പ്രേരണയും അധമബോധവുമൊക്കെ അത്രത്തോളം അപകടകരമാണ്.

### ആഢംബരമാകരുത് ജീവിതം

ഇടത്തരം വരുമാനക്കാരെ സംബന്ധിച്ച് ആഢംബരഭ്രമം അവരെ വല്ലാതെ കീഴ്പ്പെടുത്തുന്നുണ്ട്. കാർ വാങ്ങലും കുട്ടികളുടെ പഠനവും ഷോപ്പിംഗും ഫാമിലി ടൂറും സംഭാവനനൽകലുമെല്ലാം അവർക്കു ആഢംബരത്തിന്റെ ഭാഗമാണ്. വരുമാനത്തെ ഭേദിക്കുന്ന ചെലവുകളാണ് ഓരോ മാസവും വന്നെത്തുന്നതെങ്കിൽ, ആ ചെലവുകളെ ബോധപൂർവം കുറയ്ക്കാനാണു ശ്രമിക്കേണ്ടത്. കടം വാങ്ങിയും പലിശക്കെടുത്തും ക്രഡിറ്റ് കാർഡ് ഉപയോഗിച്ചും കാണിക്കുന്ന ആഢംബരം സമീപഭാവിയിൽ തന്നെ വൻദുരന്തങ്ങളിലേക്കു വഴിവെച്ച നിരവധി പേരുടെ ഉദാഹരണങ്ങൾ നമുക്ക് ചുറ്റുമുണ്ട്. അതുകൊണ്ടുതന്നെ സോഷ്യൽ സ്റ്റാറ്റസ് വളർത്തുന്നതിനെക്കുറിച്ചായിരിക്കരുത് നമ്മുടെ ചിന്ത. അന്യന്റെ പ്രൗഢിയും പത്രാസുമൊന്നും ഒരിക്കലും നമ്മെ അലോസരപ്പെടുത്താൻ പാടില്ല.

നമ്മളെക്കുറിച്ച് സമൂഹം എന്തുകരുതും എന്നോർത്ത് വേവലാതിപ്പെടുന്നവർ ആദ്യം ചിന്തിക്കേണ്ടത് സമൂഹത്തെ തൃപ്തിപ്പെടുത്താനുള്ളതല്ല സ്വന്തം ജീവിതം എന്നാണ്. സാഹചര്യങ്ങളും പരിമിതികളും വ്യക്തമായി മനസ്സിലാക്കിവേണം ജീവിതം മുന്നോട്ടു കൊണ്ടു പോകേണ്ടത്.

അന്യന്റെ ജീവിതം അനുകരിക്കാൻ ശ്രമിച്ചും സമൂഹം എന്തുവിചാരിക്കും എന്ന് സ്വയം പരിതപിച്ചും ജീവിക്കുന്ന ശീലം നിർബന്ധമായും ഉപേക്ഷിക്കണം. ജീവിത സാഹചര്യം മറന്നുള്ള ഇടപെടലുകൾ പലപ്പോഴും ഫലപ്രദമായെന്നു വരില്ല. ഒടുവിൽ സമ്മർദങ്ങൾ സഹിക്കാൻ കഴിയാതെ വരുമ്പോൾ അത് മാനസികരോഗിയെന്ന അവസ്ഥയിലേക്കു കൊണ്ടെത്തിച്ചെന്നും വരാം.

### സമൂഹത്തെ അനുകരിക്കേണ്ടതില്ല

ഒരാൾക്കും മറ്റൊരാളാവാൻ ഒരിക്കലും കഴിയില്ല. എത്ര അനുകരിക്കാൻ ശ്രമിച്ചാലും നിങ്ങൾ നിങ്ങൾതന്നെ ആയിരിക്കും. ഓരോ വ്യക്തിയും വ്യത്യസ്തമാണ്. അതിനാൽതന്നെ മറ്റൊരാളെപ്പോലെ ജീവിക്കണമെന്ന് ആഗ്രഹിക്കുന്നതിൽ അർഥമില്ല. നമുക്ക് നമ്മളായി തന്നെ ജീവിക്കാനേകഴിയൂ എന്ന ബോധം എപ്പോഴും ഉള്ളിലുണ്ടായിരിക്കുക. അതേസമയം നേട്ടങ്ങൾക്കായി പരിശ്രമിക്കാതിരിക്കാനും പാടില്ല. പരിമിതികൾ എന്താണെന്നു വ്യക്തമായി മനസ്സിലാക്കിയും തിരിച്ചടികൾ ഉണ്ടായാൽ നേരിടാനുള്ള മനഃപാഠം ചെയ്തുമാകണം ഓരോ മുന്നേറ്റവും.

> ഒരു വ്യക്തിക്കും സമൂഹത്തെ ഒരിക്കലും പൂർണമായും തൃപ്തിപ്പെടുത്താനാവില്ല. മാത്രമല്ല, സ്വന്തം വ്യക്തിത്വത്തെ മറച്ചുവെച്ചുകൊണ്ട് മറ്റൊരാളുടെ വ്യക്തിത്വത്തെ അനുകരിക്കാൻ ശ്രമിക്കുന്നവർക്കും ജീവിതത്തിൽ ഒരിക്കലും വിജയിക്കാനാകില്ല.

### അന്യന്റെ ജീവിതത്തിൽ മുഖം നോക്കരുത്

സ്വന്തം ജീവിതത്തെ കരുപ്പിടിപ്പിക്കുന്നതിനു പകരം അന്യന്റെ കുറ്റങ്ങളും കുറവുകളും കണ്ടെത്താൻ വ്യഗ്രത കൊള്ളുന്ന സമൂഹം കേരളത്തിൽ മാത്രമാണുള്ളത്. ഒരാളുടെ ന്യൂനതകളെ പരമാവധി കുറ്റപ്പെടുത്താനാണു ഇവിടെയുള്ളവരുടെ ശ്രമം. സാമ്പത്തികവും ആരോഗ്യവും സാമൂഹ്യവുമായ ഘടകങ്ങൾ ഒരാളുടെ പോരായ്മകളിലേക്കു വഴിതെളിക്കുമെന്നിരിക്കെ, അയാളുടെ യഥാർഥ പ്രശ്നം ചോദിച്ചു മനസ്സിലാക്കി സഹായിക്കാനോ ആശ്വാസം പകരാനോ ശ്രമിക്കാതെ കുറ്റപ്പെടുത്താൻ ശ്രമിക്കുന്ന മലയാളിയുടെ പൊതു മാനസികബോധം മാറേണ്ട കാലം അതിക്രമിച്ചു.

മറ്റുള്ളവരെക്കാളും എങ്ങനെ വലിയവനാകാം എന്നാണു ചെറുപ്പം മുതലേ മലയാളി അന്വേഷിക്കുന്നത്. അതിനായി ഏതു കുരുട്ടുവിദ്യകളും പാഠശാലകളാകുന്നതോടെ അവൻ അത്യാർത്തിയുടെ ആൾരൂപങ്ങളായി മാറുകയാണ്. ഫലമോ ഉത്കണ്ഠകളും ആകുലതകളും മനഃസമാധാനക്കേടും വിട്ടൊഴിയാത്ത ഒരു ജീവിതം മാത്രം. മാറുന്ന ലോകത്തിനു മുന്നേ സഞ്ചരിക്കാൻ മലയാളി എന്നു ശ്രമിച്ചുതുടങ്ങിയോ അന്നുമുതൽ സ്വന്തമായതൊന്നും മലയാളിക്ക് ബാക്കിയില്ലെന്ന അവസ്ഥയാണ്

### വേണ്ടത് യുക്തിപരമായ തീരുമാനം

ചുറ്റുമുള്ളവർ നമ്മളെക്കുറിച്ച് എന്തു ചിന്തിക്കുന്നു എന്ന് അകുലപ്പെട്ടാണ് ഭൂരിഭാഗം പേരുടെയും ജീവിതം. സമൂഹത്തിനു ഇഷ്ടപ്പെടാത്ത ഒരാളായി കഴിഞ്ഞാൽ അയാളെ ഒറ്റപ്പെടുത്താൻ ശ്രമിക്കുന്നതാണു സമൂഹത്തിന്റെ രീതി. ഇത് ഇരയാക്കപ്പെടുന്ന വ്യക്തിയിൽ സൃഷ്ടിക്കുന്ന മാനസികാവസ്ഥ ചെറുതല്ല. അതൊരിക്കലും സമൂഹം തിരിച്ചറിയാറുമില്ല. എന്നു കരുതി സമൂഹത്തെ ഭയന്ന് ജീവിതം അവസാനിപ്പിക്കാൻ കഴിയില്ലല്ലോ. ദൗർഭാഗ്യവശാൽ ഇന്നത്തെ സമൂഹം ഒരു വ്യക്തിയുടെ വില നിശ്ചയിക്കുന്നത് അയാളുടെ ജോലിയും സ്ഥാനമാനങ്ങളും സാമ്പത്തിക സ്ഥിതിയും ഒക്കെ അടിസ്ഥാനമാക്കിയാണ്.

ഒരു വ്യക്തിക്കും സമൂഹത്തെ ഒരിക്കലും പൂർണമായും തൃപ്തിപ്പെടുത്താനാവില്ല. മാത്രമല്ല, സ്വന്തം വ്യക്തിത്വത്തെ മറച്ചുവെച്ചുകൊണ്ട് മറ്റൊരാളുടെ വ്യക്തിത്വത്തെ അനുകരിക്കാൻ ശ്രമിക്കുന്നവർക്കും ജീവിതത്തിൽ ഒരിക്കലും വിജയിക്കാനാകില്ല. അതുകൊണ്ടുതന്നെ സമൂഹത്തെ ഭയക്കാതെ നമ്മുടെ ലക്ഷ്യങ്ങൾ നേടി ജീവിക്കാനുള്ള മാനസികാവസ്ഥ സ്വയം ആർജിക്കുകയാണു ഏതുകാര്യത്തിലും യുക്തിപരമായ തീരുമാനമെടുക്കാനും സ്വന്തമായി ഒരു വ്യക്തിത്വം രൂപപ്പെടുത്താനും കഴിഞ്ഞാൽ ജീവിതത്തിൽ വിജയിക്കാൻ കഴിയും.